പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5476

04/07/2013-ൽ
മറുപടിയ്ക്കു്

## പാലക്കാട് കോട്ടക്കകത്തെ ഹനുമാൻ കോവിൽ ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) പാലക്കാട് കോട്ടക്കകത്തെ ഹനുമാൻ കോവിൽ സ്വകാര്യ വ്യക്തികൾ കയ്യടക്കി വെച്ച് ഭക്തജനങ്ങളുടെ പണം കൈവശപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) പ്രസ്തുത ഹനുമാൻ കോവിൽ മലബാർ ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;<br><br>സി) പ്രസ്തുത ക്ഷേത്രം ദേവസ്വം ബോർഡ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | എ), ബി) & സി) ബോർഡിൻെറ കീഴിലുള്ള ക്ഷേത്രമാണ് ശ്രീ. ആഞ്ജനേയ ക്ഷേത്രം. കഴിഞ്ഞ കുറച്ച് കാലമായി ഭരണം അനധികൃതമായി കൈവശം വെച്ചുവരുന്ന ആഞ്ജനേയ സേവാസമിതിയിൽ നിന്നും ബഹു. ഹൈക്കോടതി ഉത്തരവിൻെറ അടിസ്ഥാനത്തിൽ തിരിച്ചുപിടിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി സെക്ഷൻ 20 പ്രകാരം എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുകയും ക്ഷേത്രം ഏറ്റെടുക്കുന്നതിന് ബോർഡ് ഉദ്യോഗസ്ഥർ, ബോർഡ് മെമ്പർ, അസിസ്റ്റൻറ് പോലീസ് സൂപ്രണ്ട്, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള 200 ലധികം പോലീസ് സേനാംഗങ്ങൾ ക്ഷേത്ര പരിസരത്ത് എത്തുകയുണ്ടായെങ്കിലും ഒരു വിഭാഗം മത-സമുദായിക സംഘടനകൾ ക്ഷേത്രം ചുമതല ഏറ്റെടുക്കുന്നത് തടയുകയുണ്ടായി. തുടർന്ന് ഡി.വൈ.എസ്.പി. യുടെ സാന്നിദ്ധ്യത്തിൽ, എക്സിക്യൂട്ടീവ് ഓഫീസർ, ബോർഡ് മെമ്പർ, അസിസ്റ്റൻറ് കമ്മീഷണർ എന്നിവരും പ്രക്ഷോഭം നടത്തുന്നതിന് നേതൃത്വം നൽകിയവരും തമ്മിൽ വിശദമായ ചർച്ച നടത്താമെന്ന് തീരുമാനിക്കുകയുണ്ടായി. ആയതിൻെറ അടിസ്ഥാനത്തിൽ 6/8/2010 -ാം തീയതി ജില്ലാ പോലീസ് സൂപ്രണ്ടിൻെറ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയുണ്ടായെങ്കിലും യാതൊരു കാരണവശാലും ക്ഷേത്രം ചുമതല മലബാർ ദേവസ്വം ബോർഡിന് നൽകുകയില്ലെന്ന് ക്ഷേത്ര ഭാരവാഹികൾ അറിയിക്കുകയുണ്ടായി. ക്ഷേത്രത്തിൻെറ ഭരണത്തിനായി ഡെപ്യൂട്ടി കമ്മീഷണർ ഒരു ഭരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആയത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഗവൺമെൻറ് പ്രസ്സിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ